ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. DTETVM/2914/2026-C2 (ACA) തീയതി:14-07-2026

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതികം- വിദ്യാഭ്യാസം-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം -അക്കാദമിക് സെക്ഷൻ- തിരുവനന്തപുരം പാങ്ങോട് മിലിറ്ററി സ്റ്റേഷനിൽ വെച്ച് നടന്ന എൻ.സി.സി ആർമി അറ്റാച്ച്മെന്റ് ക്യാമ്പിൽ കളമശ്ശേരി ഗവ. പോളിടെക്നിക് കോളേജിലെ രണ്ടാം സെമസ്റ്റർ മെക്കാനിക്കൽ എൻജിനീയറിംഗ് വിദ്യാർത്ഥിയും എൻ.സി.സി കേഡറ്റുമായ ശ്രീ അനന്തകൃഷ്ണൻ നായർ കെ. ജെ ക്ക് നേരെയുണ്ടായ ഗുരുതരമായ റാഗിംഗ് - സംബന്ധിച്ച്.

സൂചന :- 1.26.03.2026 തീയതി GPTC കളമശേരിയിൽ നിന്നും വന്ന കത്ത് നം.D/2707/2024-25
2.02.07.2026 തീയതി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും വന്ന കത്ത് നം.L2/155/2026- HEDN

**മേൽ സൂചന പ്രകാരം** തിരുവനന്തപുരം പാങ്ങോട് മിലിറ്ററി സ്റ്റേഷനിൽ വച്ച് നടന്ന എൻ.സി.സി ആർമി അറ്റാച്ച്മെന്റ് ക്യാമ്പിൽ കളമശ്ശേരി ഗവ. പോളിടെക്നിക് കോളേജിലെ രണ്ടാം സെമസ്റ്റർ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയും എൻ.സി.സി കേഡറ്റുമായ ശ്രീ അനന്തകൃഷ്ണൻ നായർ കെ. ജെ ക്ക് നേരെയുണ്ടായ ഗുരുതരമായ റാഗിംഗ് ഗൗരവമുള്ളതാണെന്നും, ഭാവിയിൽ NCC ക്യാമ്പുകൾ, പഠനയാത്രകൾ, അറ്റാച്ച്മെന്റ് ക്യാമ്പുകൾ തുടങ്ങിയ, സ്ഥാപനത്തിന് പുറത്തുള്ള വിദ്യാർത്ഥി പങ്കാളിത്ത പരിപാടികളിൽ റാഗിംഗ്, മാനസിക/ശാരീരിക പീഡനം എന്നിവ തടയുന്നതിനായി വിദ്യാർത്ഥികൾക്ക് മുൻകൂർ ബോധവൽക്കരണം നൽകുക, പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുക, ക്യാമ്പ് കഴിഞ്ഞുള്ള ഫീഡ്ബാക്ക് സംവിധാനം ഏർപ്പെടുത്തുക, തുടങ്ങിയ വിഷയങ്ങളിൽ പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണെന്ന് സർക്കാരിൽ നിന്നും നിർദേശം ലഭ്യമായിരിക്കുന്ന സാഹചര്യത്തിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുന്നതിന് ഈ വകുപ്പിന് കീഴിലുള്ള എല്ലാ NCC ഓഫീസർമാരുടെയും ബന്ധപ്പെട്ട സ്ഥാപന മേധാവികളുടെയും ഒരു യോഗം ഓൺലൈനായി ആഗസ്റ്റ് മാസം ആദ്യവാരം കൂടുന്നതാണ്. വിഷയത്തിൻറെ പ്രാധാന്യം കണക്കിലെടുത്ത് ആവശ്യമായ നിർദ്ദേശങ്ങളുമായി മേൽ പറയപ്പെട്ടവർ മീറ്റിങ്ങിൽ പങ്കെടുക്കേണ്ടതാണ്. തീയതിയും സമയവും പിന്നീട് അറിയിക്കുന്നതാണ്.

Digitally signed by
ANI ABRAHAM
Date: 14-07-2026
22:52:37

ANI ABRAHAM
SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ പോളിടെക്നിക് സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. ഡയറക്ടറുടെ CA
3. ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ)
4. ഓഫീസ് പകർപ്പ്